**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1777** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിൽ ലേബർ ഓഫീസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ ലേബർ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ? | (എ) | **കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ ലേബർ ഓഫീസർ എന്ന തസ്തിക നിലവിലില്ല. എന്നാൽ ലേബർ വെൽഫയർ ഓഫീസർ തസ്തിക നിലവിലുണ്ട്. ടി തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 12/02/2021 ലെ സ.ഉ (അച്ചടി) നമ്പർ .3/2021/കൃഷി പ്രകാരം രൂപീകരിച്ച സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള ലേബർ വെൽഫയർ ഓഫീസർ തസ്തികയിലെ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**എ) നിശ്ചിത യോഗ്യതയുള്ള വകുപ്പിലെ താഴ്ന്ന ശമ്പള സ്കെയിലുള്ള എല്ലാ കാറ്റഗറികളിലെയും ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന**<br><br>**ബി) വകുപ്പിൽ നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ ഇല്ല എങ്കിൽ നേരിട്ടുള്ള നിയമനം മുഖേന**<br><br>**സി) മേൽ ചേർത്തിട്ടുള്ള എ & ബി യുടെ അഭാവത്തിൽ ഡെപ്യൂട്ടേഷൻ മുഖേന**<br><br>**നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ലേബർ വെൽഫയർ ഓഫീസറുടെ തസ്തികമാറ്റ നിയനമത്തിന് ലാസ്റ്റ് ഗ്രേഡ് ഉൾപ്പെടെയുള്ള വിവിധ Non-Gazetted തസ്തികകളിലെ യോഗ്യതയുള്ള ജീവനക്കാർ ഉൾപ്പെടുമെന്നതിനാൽ ഒരു പൊതുമാനദണ്ഡം അടിസ്ഥാനമാക്കി ടി അപേക്ഷകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും, വകുപ്പിലെ ഒന്നാം ഗസറ്റഡ് തസ്തികയ്ക്ക് മുകളിൽ ശമ്പളസ്കെയിലുള്ള ഒരു പ്രധാന തസ്തികയിലേയ്ക്കുള്ള നിയമനം എന്ന നിലയിൽ പി.എസ്.സി. മുഖേന ഒരു സ്യൂട്ടബിലിറ്റി ടെസ്റ്റ് നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നത് കൂടുതൽ സുതാര്യവും കുറ്റമറ്റതും ആകുമെന്നുള്ള കൃഷി ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്ത്,** |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലും ഫാമുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കേണ്ടത് അനിവാര്യമായതിനാലും അടുത്ത ഒരു വർഷത്തേക്ക് നിലവിലെ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരം, അന്യത്ര സേവന വ്യവസ്ഥയിൽ ലേബർ വെൽഫയർ ഓഫീസറുടെ സേവനം ഉറപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ